**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 501** **10-02-2025 - ൽ മറുപടിയ്ക്ക്**

**അക്രഡിറ്റഡ് ഏജൻസികളുടെ വിലയിരുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ധനകാര്യ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ പ്രവർത്തികളുടെ നിർവ്വഹണത്തിനായി അംഗീകാരം ലഭിച്ചിട്ടുള്ള പി.എം.സി(പ്രോജെക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി ), നോൺ പി.എം.സി. വിഭാഗത്തിൽപ്പെടുന്ന അക്രഡിറ്റഡ് ഏജൻസികളുടെ വിശദാംശങ്ങളും ഈ ഏജൻസികൾക്ക് നിർവ്വഹിക്കാൻ അനുമതി നൽകിയിട്ടുള്ള പ്രവർത്തികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ; | (എ) | **സ.ഉ (പി) 104/2022/ധന തീയതി 02/09/2022 , സ.ഉ (പി) 116/2022/ധന തീയതി 28/09/2022, സ.ഉ (പി) 127/2022/ധന തീയതി 12/10/2022, സ.ഉ (പി) 30/2023/ധന തീയതി 27/03/2023, സ.ഉ (പി) 42/2023/ധന തീയതി 25/04/2023 , സ.ഉ (പി) 78/2023/ധന 27/07/2023, എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് വിവിധ സർക്കാർ പ്രവർത്തികളുടെ നിർവ്വഹണത്തിനായി പി.എം.സി(പ്രോജെക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി), നോൺ പി.എം.സി. വിഭാഗത്തിൽപ്പെടുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് അംഗീകാരം നല്കിയിട്ടുള്ളത്.** |
| (ബി) | ഈ അക്രെഡിറ്റഡ് ഏജൻസികളുടെ പ്രവർത്തനവും അവർ നിർവ്വഹിക്കുന്ന വർക്കുകളുടെ ഗുണപരതയും വിലയിരുത്തുന്നതിനും പരിശോധിക്കുന്നതിനുമായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളും വ്യവസ്ഥാ ക്രമീകരണങ്ങളും സർക്കാർ മാർഗ്ഗനിർദേശങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | സ.ഉ (പി) 67/2021/ധന തീയതി 28/04/2021 ഉത്തരവ് പ്രകാരം ധനകാര്യ ചീഫ് ടെക്നിക്കൽ ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ അക്രെഡിറ്റഡ് ഏജൻസികളുടെ പ്രവർത്തനവും അവർ നിർവ്വഹിക്കുന്ന വർക്കുകളുടെ ഗുണപരതയും വിലയിരുത്തുന്നതിനും പരിശോധിക്കുന്നതിനുമായുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ